പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 144 | 12-10-2026-ൽ മറുപടിയ്ക്ക്

**ദേവസ്വം ക്ഷേത്രങ്ങളിലെ ഭക്തജനങ്ങളുടെ സുരക്ഷ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ ദേവസ്വം ക്ഷേത്രങ്ങളിൽ ഉത്സവകാലത്തും മറ്റ് പ്രധാന ചടങ്ങുകളിലും ഉണ്ടാകുന്ന ജനത്തിരക്ക് പരിഗണിച്ച് ഭക്തജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

**മറുപടി:** ഉത്സവകാലത്ത് പ്രത്യേക കമ്മിറ്റി രൂപീകരിച്ച് വോളണ്ടിയർ സംവിധാനം ഭക്തജനതലത്തിൽ ഏർപ്പെടുത്തി വരുന്നുണ്ട്. സൂപ്പർ ഗ്രേഡ്, ഗ്രേഡ് - 1 ക്ഷേത്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, അഗ്നിസുരക്ഷാ സംവിധാനം, പ്രാഥമിക ചികിത്സാ സംവിധാനം എന്നിവ ഒരുക്കി വരുന്നുണ്ട്. ഉത്സവാഘോഷ ചടങ്ങിന്റെ ഭാഗമായി ആനകളെ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ട് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരവും മേൽ വിഷയത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഉത്സവത്തോടനുബന്ധിച്ച് ആനയെഴുന്നള്ളിപ്പ് നടക്കുന്ന ക്ഷേത്രങ്ങളിൽ പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ പ്രധാന ക്ഷേത്രങ്ങളുടെ ഉത്സവങ്ങളോടനുബന്ധിച്ച് ദേവസ്വം വകുപ്പ്, പോലീസ്, ഫയർ ആന്റ് റെസ്ക്യൂ, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം സാധ്യമാക്കിയും, ഡെപ്യൂട്ടി കളക്ടർ മുഖാന്തിരം പ്രത്യേകം യോഗങ്ങൾ നടത്തിയും അതത് ദേവസ്വങ്ങൾക്ക് അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങളും സംവിധാനങ്ങളും ചെയ്തുവരുന്നുണ്ട്.

**(ബി)** പ്രധാന ദേവസ്വം ക്ഷേത്രങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനം, CCTV, അടിയന്തര പുറപ്പെടൽ സംവിധാനം, പ്രാഥമിക ചികിത്സാ സൗകര്യം എന്നിവ നിലവിലുണ്ടോ; പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ പരിശോധന എത്ര ഇടവേളകളിൽ നടത്തിവരുന്നു; വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഉത്സവകാലത്ത് ദേവസ്വം വകുപ്പ്, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിനായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**